# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-248 09.06.2014-ൽ മറുപടി നൽകേണ്ടത്

### സമരത്തിൽ പങ്കെടുത്ത ജീവനക്കാർക്കെതിരെയുള്ള കേസ്സുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. |
| (എ) 2013 ജനുവരി 8 മുതൽ നടന്ന സർക്കാർ ജീവനക്കാരുടെ അനിശ്ചിതകാല പണി മുടക്കിനെ തുടർന്ന് രജിസ്റ്റർ ചെയ്ത കേസ്സുകളിൽ ഇനിയും പിൻവലിക്കാത്ത എത്ര കേസ്സുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) ഇനിയും പിൻവലിക്കാത്ത 178 കേസുകളുണ്ട്. |
| (ബി) പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട് ഇപ്പോഴും സസ്പെൻഷനിലോ മറ്റേതെങ്കിലും ശിക്ഷാ നടപടികളിലോ ഉൾപ്പെട്ടിരിക്കുന്ന ജീവനക്കാരുടെ എണ്ണം വ്യക്തമാക്കാമോ; | (ബി) വിവരം ശേഖരിച്ചു വരുന്നു. |
| (സി) പണിമുടക്കുമായി ബന്ധപ്പെട്ട് പ്രതികാര നടപടികൾ സ്വീകരിക്കുകയില്ലെന്ന സർക്കാർ ഉറപ്പ് പാലിച്ചു കൊണ്ട് ഇവർക്കെതിരെയുള്ള ശിക്ഷണ നടപടികൾ പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) 08.01.2013 മുതലുള്ള പണിമുടക്കുമായി ബന്ധപ്പെട്ട് ജീവനക്കാർക്കെതിരെ സ്വീകരിച്ചിട്ടുള്ള ശിക്ഷണ, ക്രിമിനൽ കേസ്സ് നടപടികൾ 19.01.2013-ലെ സ.ഉ.(പി)17/2013/പൊ.ഭ.വ നമ്പർ ഉത്തരവിനു വിധേയമായി തീർപ്പാക്കുവാനും പണിമുടക്കിൽ പങ്കെടുത്തു എന്ന കാരണത്താൽ മാത്രം സസ്പെന്റ് ചെയ്തിട്ടുള്ള ജീവനക്കാരെ എത്രയും വേഗം തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കുവാനും 23.02.2013-ലെ 10568/എസ്.എസ്.1/13/പൊ.ഭ.വ സർക്കുലർ പ്രകാരം വകുപ്പദ്ധ്യക്ഷൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ